# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## ക്രിസ്മസ് പരീക്ഷ 2018-2019

| | |
|---|---|
| ക്ലാസ്സ് : VI | സമയം : 2 മണിക്കൂർ |
| തീയതി : 09-12-2018 | മാർക്ക് : 70 |

**ശരിയായ ഉത്തരം എടുത്തെഴുതുക** 5

മോശ, മാർത്തോമ്മാ ഞായർ, ധൂർത്തപുത്രൻ, പത്രോസ്, ഉയിർപ്പ് തിരുനാൾ

1. അനുതപിക്കുന്ന പാപികളോട് ദൈവം കാണിക്കുന്ന അതിരറ്റ കാരുണ്യം പ്രകടമാക്കാൻ ഈശോ പറഞ്ഞ ഉപമ.
2. ഈശോയെ തള്ളിപറഞ്ഞതാര്?
3. ഉത്ഥിതനായ ഈശോ തോമാശ്ലീഹായ്ക്ക് പ്രത്യക്ഷനായതിനെ അനുസ്മരിക്കുന്ന ദിവസം?
4. "തിരുനാളുകളുടെ തിരുനാൾ" എന്നറിയപ്പെടുന്ന തിരുനാൾ?
5. മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയത്?

**എ-ബിയോട് ചേർക്കുക** 5

6. റബ്ബോനി - താർഷീഷ്
7. സഭയുടെ തലവൻ - പാപങ്ങൾക്ക് പരിഹാരം
8. യോന - വി. പത്രോസ്
9. കുരിശിലെ ബലി - ഈശോ
10. സഹനദാസൻ - ഗുരു

**സംഭവങ്ങൾ ക്രമത്തിലെഴുതുക (വാക്യത്തെക്കുറിക്കുന്ന നമ്പർ ക്രമത്തിലെഴുതിയാൽ മതി)** 5

11. എ) അപ്പോൾ ആ പട്ടണത്തിലെ പാപിനിയായ ഒരുവൾ ഈശോ ഫരിസേയന്റെ വീട്ടിൽ ഭക്ഷണത്തിന് ഇരിക്കുന്നുവെന്നറിഞ്ഞ് ഒരു വെൺകൽഭരണി നിറയെ സുഗന്ധതൈലവുമായി അവിടെ വന്നു.

ബി) കണ്ണുനീരുകൊണ്ട് അവൾ അവന്റെ പാദങ്ങൾ കഴുകുകയും തലമുടികൊണ്ട് തുടയ്ക്കുകയും ചുംബിക്കുകയും ചെയ്തു.

സി) ഫരിസേയരിൽ ഒരുവനായ ശിമയോൻ തന്നോടൊത്ത് ഭക്ഷണം കഴിക്കാൻ ഈശോയെ ക്ഷണിച്ചു.

ഡി) അവൾ അവന്റെ പിന്നിൽ പാദത്തിനരികെ കരഞ്ഞുകൊണ്ട് നിന്നു.

ഇ) ഈശോ അവന്റെ വീട്ടിൽ പ്രവേശിച്ച് ഭക്ഷണത്തിനിരുന്നു.

**പൂരിപ്പിക്കുക** 5

12. പാപത്തിന്റെ ദംശനമേറ്റ് നിത്യനാശമടയുന്നവർക്ക് .................... ഏകാൻ ഈശോ കുരിശിൽ ഉയർത്തപ്പെട്ടു.
13. പിതാവെ അങ്ങേയ്ക്ക് ഇഷ്ടമെങ്കിൽ ഈ.................. എന്നിൽ നിന്ന് അകറ്റണമെ.
14. പിതാവെ അങ്ങയുടെ കരങ്ങളിൽ എന്റെ .................... ഞാൻ സമർപ്പിക്കുന്നു.
15. ഈശോയുടെ പീഡാനുഭവത്തേയും കുരിശുമരണത്തേയും അനുസ്മരിക്കുകയും ആചരിക്കുകയും ചെയ്യുന്ന ദിവസമാണ് ............................
16. ഈ മനുഷ്യൻ തീർച്ചയായും നീതിമാനായിരുന്നു എന്ന് പറഞ്ഞത് ........................ ആണ്.

**ഒറ്റവാക്കിൽ ഉത്തരം എഴുതുക** 5

17. സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്?
18. ബൈബിളിലെ ഏറ്റവും വലിയ പുസ്തകം ഏത്?
19. തലശ്ശേരി രൂപതയുടെ സ്ഥാപനം?
20. അപ്പസ്തോലൻ എന്ന വാക്കിന്റെ അർത്ഥമെന്ത്?
21. സാമുവൽ ആരെയാണ് രാജാവായി അഭിഷേകം ചെയ്തത്?

**ബൈബിളിൽ നിന്നും ഉദ്ധരിക്കുക** 5

22. നിങ്ങൾ സഹോദരനോട് .....................നിങ്ങളോടും ഇതുപോലെ തന്നെ പ്രവർത്തിക്കും (മത്തായി 18:35).
23. ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ .............. വ്യർത്ഥം (1കോറി 15:14).

**ഉത്തരം എഴുതുക**

24. വി. കുർബാനയിൽ ഈശോയുടെ കാൽവരിയാത്രയെ അനുസ്മരിക്കുന്നതെപ്പോൾ? **2**
25. വി. ഇഗ്നേഷ്യസ് ലയോളയുടെ ജീവിതമാതൃക നമുക്ക് നൽകുന്ന സന്ദേശം എന്ത്? **2**
26. "നീ നിന്റെ രാജ്യത്ത് പ്രവേശിക്കുമ്പോൾ എന്നേയും ഓർക്കണമേ" എന്ന് അപേക്ഷിച്ച നല്ല കള്ളനോട് ഈശോ എന്താണ് പറഞ്ഞത്? **2**
27. ധൂർത്തപുത്രന്റെ ഉപമയിലൂടെ ഈശോ വെളിവാക്കിതരുന്നതെന്താണ്? **3**
28. ഉയിർപ്പ് കാലത്തിൽ നാം ധ്യാനവിഷയമാക്കുന്ന രക്ഷാകര രഹസ്യങ്ങൾ ഏതെല്ലാം? **3**
29. വി. പത്താം പീയൂസിന്റെ സന്ദേശമെന്ത്? ഈ സന്ദേശം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ നിങ്ങൾ എന്തെല്ലാം ചെയ്യും? 4
30. അലസതയോടുള്ള വി. ഇഗ്നേഷ്യസിന്റെ മനോഭാവം എന്തായിരുന്നു. നിങ്ങൾ എപ്രകാരം വിശുദ്ധന്റെ മാതൃക ജീവിതത്തിൽ പ്രാവർത്തികമാക്കുമെന്ന് വ്യക്തമാക്കുക? 4
31. ഈശോ ശത്രുസ്നേഹത്തിന്റെ മഹത്തായ മാതൃക നല്കിയതെങ്ങനെ? നിങ്ങളുടെ അനുദിനജീവിതത്തിൽ യേശുവിന്റെ ഈ മാതൃക എങ്ങനെ പ്രകടമാക്കും.? **4**
32. തിരുസഭയുടെ കല്പനകൾ ക്രമത്തിലെഴുതുക? **5**
33. വിശുദ്ധകുർബാനയിൽ അനുരഞ്ജനത്തെ അനുസ്മരിപ്പിക്കുന്ന ഗീതം ഏത്? ഈ ഗീതത്തിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് വി. കുർബാന എങ്ങനെ കൂടുതൽ സജീവമാക്കാം. **5**
34. സഹനദാസനെക്കുറിച്ചുള്ള പ്രവചനങ്ങൾ ഈശോ എങ്ങനെ തന്നിൽ പൂർത്തിയാക്കി? സഹനദാസനായ ഈശോയെപ്പോലെ നിങ്ങൾക്ക് എങ്ങനെ മറ്റുള്ളവരുടെ വേദനയിൽ അവരെ ആശ്വസിപ്പിക്കാൻ സാധിക്കും? **6**

---